# BARACK OBAMA ON AAPI ISSUES

Obama'08
BarackObama.com

## ബറാക് ഒബാമ: ഏഷ്യൻ അമേരിക്കക്കാരുടേയും പസഫിക് ഐലൻഡേഴ്സിന്റേയും ശക്തനായ വക്താവ്

ഡെമോക്രാറ്റിക് പാർട്ടിയുടെ പ്രസിഡണ്ട് സ്ഥാനത്തേക്ക് നോമിനേഷൻ ലഭിക്കുന്നതിനായി തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ ഏർപ്പെട്ടിട്ടുള്ള ബാരക് ഒബാമ ഏഷ്യൻ അമേരിക്കൻ വംശജരുടെയും പസഫിക് ദ്വീപുസമൂഹങ്ങളിൽ നിന്നുള്ളവരുടെയും ശക്തനായ വക്താവാണ്. ഈ വിഭാഗങ്ങളിൽപ്പെടുന്നവർക്കായി അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും ഭാവിപരിപാടികളും ശ്രദ്ധിക്കുക.

**ആരോഗ്യമേഖല:** ഏകദേശം 2.4 ദശലക്ഷം ഏഷ്യാക്കാർ ഇൻഷുറൻസ് ഇല്ലാതെയാണ് അമേരിക്കയിൽ ജീവിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ടാൽ ഭരണത്തിന്റെ ആദ്യപാദത്തിൽ തന്നെ എല്ലാ അമേരിക്കക്കാർക്കും താങ്ങാവുന്ന രീതിയിലുള്ള ഹെൽത്ത് കെയർ പദ്ധതി നടപ്പാക്കാൻ ഇദ്ദേഹം ഉറച്ചിട്ടുണ്ട്. വലിയ തുക കാരണം ഇൻഷുറൻസ് എടുക്കാൻ പറ്റാതെ ബുദ്ധിമുട്ടുന്ന അമേരിക്കക്കാർക്ക് വലിയ ആശ്വാസമാണിത്. ഒരു വർഷം ഏകദേശം 2500 ഡോളറോളം ഒരു കുടുംബത്തിന് ഇതുമൂലം ലാഭിക്കാനാവും.

**വർഗീയത:** ഒരു സാമൂഹിക സംഘാടകനെന്ന നിലയിലാണ് ഒബാമ തന്റെ ഔദ്യോഗിക ജീവിതം ഇതുവരെ ചെലവഴിച്ചത്. മനുഷ്യാവകാശ പ്രവർത്തനങ്ങൾക്കുവേണ്ടിയും വർഗീയതയ്ക്കെതിരായും ഒരു നിയമജ്ഞനെന്ന നിലയിൽ ഇദ്ദേഹം പ്രവർത്തിച്ചുപോരുകയായിരുന്നു. മാത്രമല്ല, വർഗീയതയെ ചെറുക്കാനായി ഇല്ലിനോയിസിൽ നിയമവും അദ്ദേഹം പാസാക്കിയിട്ടുണ്ട്. തന്റെ അനുഭവസമ്പത്ത് ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കാൻ ഉപകരിക്കുമെന്ന് ഒബാമയ്ക്ക് ഉറച്ചവിശ്വാസമുണ്ട്.

**കുടിയേറ്റം:** സമഗ്രമായ കുടിയേറ്റ നിയമങ്ങൾക്കുവേണ്ടി എന്നും ശക്തമായി വാദിച്ചിട്ടുണ്ട് ഒബാമ. കൃത്യമായ രേഖകളില്ലാത്ത കുടിയേറ്റക്കാരെ ഇദ്ദേഹം അനുഭാവത്തോടെ വീക്ഷിക്കുന്നു. പ്രസിഡണ്ടാകുന്നപക്ഷം അതിർത്തികൾ സംരക്ഷിച്ച് കുടുംബത്തിന്റെ ഐക്യത്തിനും കൂടുതൽ ക്രിയാത്മകമായ കുടിയേറ്റ നിയമങ്ങൾക്കും വഴിയൊരുക്കാനുദ്ദേശിക്കുന്ന ഒബാമ എച്ച് 1-ബി വിസയും കൂടുതൽ സമഗ്രമാക്കുന്നതിനുള്ള നീക്കത്തിലാണ്.

**വിദ്യാഭ്യാസം:** എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യം മനസ്സിൽ സൂക്ഷിക്കുന്നവരിൽ മുൻപന്തിയിൽ നിർക്കുന്നു ഒബാമ. ഇംഗ്ലീഷ് വിദ്യാഭ്യാസം കൂടുതൽ വിപുലമാക്കും, കോളജുകൾക്ക് സാമ്പത്തികസഹായം കൂട്ടാനുള്ള പോരാട്ടത്തിന് കൂടുതൽ ആക്കം കൊടുക്കും, രേഖകളില്ലാത്ത കുടിയേറ്റക്കാരുടെ മക്കൾക്കും വിദ്യാഭ്യാസമേകാനുതകുന്ന 'ഡ്രീം' പദ്ധതിയുടെ ശക്തനായ വക്താവായ ഒബാമ ഈ പദ്ധതി ഒരു നിയമമാക്കാനുള്ള ഒരുക്കത്തിലാണ്.

**ചെറുകിട ബിസിനസ്:** ന്യൂനപക്ഷങ്ങളുടെ ചെറുകിട ബിസിനസ് സ്ഥാപനങ്ങളെ സഹായിക്കുന്ന ഫെഡറൽ പദ്ധതികൾ, അവർക്കാവശ്യമായ വിദഗ്ദ്ധോപദേശം നല്കൽ, ലോണുകൾ കൂടുതൽ എളുപ്പമാക്കൽ തുടങ്ങിയ പദ്ധതികൾക്ക് ഒബാമ പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്.

ഏഷ്യൻ അമേരിക്കൻ സമൂഹങ്ങൾക്ക്വേണ്ടിയും പസഫിക് ഐലൻഡേഴ്സിനു വേണ്ടിയും ബറാക് ഒബാമ ചെയ്ത സേവനങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാൻ aapi.BarackObama.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അദ്ദേഹവുമായി സംസാരിക്കാൻ 312-496-6614 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതുമാണ്.

---

**Learn More about Barack Obama and the AAPI Community at:**
**aapi.BarackObama.com**

**Speak up. Tell Barack your story at:**
**312-496-6614**

---

Paid for by Obama for America